## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2575** **18.08.2017-ൽ മറുപടിക്ക്**

**കെ.എസ്.ടി.പി. പ്രവൃത്തികൾ സംബന്ധിച്ച അന്വേഷണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. വി. അയിഷാ പോറ്റി** | **ശ്രീ. ജി. സുധാകരൻ** (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ടി.പി. പ്രവൃത്തികളുടെ പൂർത്തീകരണത്തിനുള്ള കാലതാമസത്തിന്റെയും അധിക ചെലവിന്റെയും കാരണങ്ങൾ സംബന്ധിച്ച സമഗ്രമായ അന്വേഷണം നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കുമോ; | (എ) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ പല അപാകതകളും സാമ്പത്തിക വ്യതിയാനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എങ്കിലും കെ.എസ്.ടി.പി. IV -പാക്കേജിൽ (ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ്) പ്പെട്ട നീലിമംഗലം പാലത്തിൽ ചെറിയ വിള്ളൽ കണ്ടെത്തിയതിനെത്തുടർന്ന് ലോകബാങ്കിന്റെ നിർദ്ദേശമനുസരിച്ച് ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് ടെക്നിക്കൽ ഇവാല്യവേഷൻ നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. എന്നാൽ ഈ റിപ്പോർട്ട് തൃപ്തികരമല്ല എന്ന കാരണത്താൽ വീണ്ടും മറ്റൊരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് പരിശോധന നടത്താൻ നിർദ്ദേശിക്കുകയും അതിനുള്ള തുടർനടപടികൾ പുരോഗമിക്കുകയുമാണ്.<br>തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണത്തിൽ ഡി.പി.ആറിൽ ഉണ്ടായ ചില സാങ്കേതിക തകരാറുകൾ കാരണം ഡിസൈനിൽ ചില മാറ്റങ്ങൾ വേണ്ടി വന്നു. ആയതിന്റെ നിർമ്മാണ പൂർത്തീകരണത്തിന് അധിക ചെലവ് വേണ്ടി വരുന്നതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി വിശദമായ ചർച്ചയ്ക്ക് വച്ചിരിക്കുകയാണ്. പൊൻകുന്നം - തൊട്ടുപുഴ റോഡിൽ അംഗീകരിച്ച |

ഡി.പി.ആറിൽ നിന്നും നിലവിലുള്ള സൈറ്റ് കണ്ടീഷൻ അനുസരിച്ച് പാറപൊട്ടിക്കുന്ന ക്വാണ്ടിറ്റി അധികമായി ചെയ്യേണ്ടി വന്നു. അതിനാൽ അംഗീകരിച്ച കരാർ തുകയിൽ 25% വർദ്ധനവും ഉണ്ടായി. ബാക്കി എല്ലാ പദ്ധതികളും അംഗീകരിച്ച കരാർ തുകയ്ക്കുള്ളിൽ തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നു. ലോകബാങ്കുമായി ആലോചിച്ച് ഒരു സമഗ്രാന്വേഷണം വിശ്വാസമുള്ള ഏജൻസിയെക്കൊണ്ട് നടത്താൻ ആലോചിക്കുന്നു.

(ബി) കെ.എസ്.ടി.പി. പ്രവൃത്തികൾക്ക് കൺസൾട്ടന്റുമാരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; നിലവിൽ കൺസൾട്ടന്റുമാരുണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

(ബി) ലോകബാങ്കിന്റെ Procurement Procedure അനുസരിച്ചാണ് കെ.എസ്സ്.ടി.പി.യ്ക്ക് ആവശ്യമായ കൺസൾട്ടന്റുകളെ തിരഞ്ഞെടുക്കുന്നത്. Quality and Cost Based Selection (QCBS), Quality Based Selection (QBS), Least Cost Selection (LCS), Selection based on the Consultant Qualification (CQS), Single Source Selection (SSS), Fixed Budget Selection മുതലായ മാർഗ്ഗങ്ങളാണ് അവലംബിക്കുന്നത്. ഓരോ പ്രവൃത്തിക്കും മുകളിൽ പറഞ്ഞ ഏത് മാർഗ്ഗം സ്വീകരിക്കണമെന്നത് അതിന് ചെലവാകുന്ന തുക, അതിന് വേണ്ടി വരുന്ന ഗുണനിലവാരം എന്നിവ അടിസ്ഥാനമാക്കിയാണ്. ഒരു കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്നതിന്റെ മുഖ്യമായ മാനദണ്ഡങ്ങൾ ആ സ്ഥാപനത്തിന്റെ രൂപരേഖ, അനുയോജ്യമായ പ്രവൃത്തി പരിചയം, അനുയോജ്യമായ ഉദ്യോഗസ്ഥ സഞ്ചയം എന്നിവയെ അടിസ്ഥാനമാക്കിയാണ്. നിലവിലുള്ള കൺസൾട്ടന്റുമാരുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

S. Bindu

**സെക്ഷൻ ഓഫീസർ**

**Consultant of KSTP**

| S.1 No. | Name | Work |
|---|---|---|
| 1 | M/s Egis India Consulting Pvt. Ltd.,<br>T.C. 5/2565 (17)<br>TJRA-306, Pipinemoodu<br>Sasthamangalam<br>Trivandrum-10 | Consultant for Construction supervision for Upgradation of 190 km roads. |
| 2 | M/s MSV International Inc,<br>D-7., South City-1,<br>Gurgaon-122002,<br>Haryana, India. | Consultant for Construction supervision of Upgradation of Ponkunnam – Thodupuzha road. |
| 3 | M/s. Vic roads<br>Road Safety Capacity Building and Program Management Project<br>3rd Floor, Mark Plaza,<br>Kowdiar- Pattom Road,<br>Kuravankonam - 695003 | Road Safety Demonstration Project |
| 4 | M/s L&T-Ramboll Consulting Engineers Ltd.,<br>Mount Poonamallee Road<br>Manapakkam P.O.,<br>P.O. Box No. 979<br>Chennai – 600089. | Transaction Advisory |